# <u>സ്ട്രോങ് റൂം സന്ദർശിച്ചു</u>



എറണാകുളം റൂറൽ ജില്ലയിൽ വോട്ടിംഗ് മെഷീൻ സൂക്ഷിച്ചിട്ടുള്ള കേന്ദ്രങ്ങളിൽ ജില്ലാ പോലീസ് മേധാവി കെ. കാർത്തിക് സന്ദർശിച്ച് സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തി. കേന്ദ്രസേനാംഗങ്ങളുമായി സുരക്ഷാ കാര്യങ്ങൾ ചർച്ച ചെയ്തു. അവരുടെ ക്ഷേമകാര്യങ്ങൾ അന്വേഷിച്ച് ആവശ്യമായ സൗകര്യങ്ങൾ ചെയ്തു നൽകി. കേന്ദ്രങ്ങളിൽ അവർ തയ്യാറാക്കിയ ഭക്ഷണം അവരോടൊപ്പമിരുന്നു കഴിച്ചും വിശേഷങ്ങൾ പങ്കുവച്ചും അവരിലൊരാളായി എസ്.പി. ഒപ്പം ഇരുന്ന് ഭക്ഷണം കഴിക്കുന്ന എസ്.പിയെ കണ്ടപ്പോൾ അവർക്കും അത്ഭുതം. എന്ത് ആവശ്യമുണ്ടെങ്കിലും അറിയിക്കണമെന്നും ഒരു വിളിപ്പാടകലെ ഉണ്ടെന്നും പറഞ്ഞാണ് എസ്.പി മടങ്ങിയത്. കേന്ദ്രസേന ഉൾപ്പടെ 325 ഓളം പേരാണ് സുരക്ഷാ ഡ്യൂട്ടി നിർവ്വഹിക്കുന്നത്.